(ഇ) യു.കെ., യു.എസ്.എ., ജർമ്മനി, യു.എ.ഇ., ഐർലന്റ്, ഓസ്ട്രേലിയ, ന്യൂസിലാന്റ്, ഒമാൻ, മലേഷ്യ എന്നീ വിദേശ രാജ്യങ്ങളിലെയും യു.എൻ-ന്റെയും പ്രതിനിധികൾ പങ്കെടുത്തു. ഏകദേശം 7,00,000 രൂപ വിദേശികളുടെ യാത്രയ്ക്കും താമസത്തിനും ചെലവഴിച്ചു.

(എഫ്) എല്ലാ വിഭാഗവുമായി ചർച്ച നടത്തിയ ശേഷം മാത്രമേ തീരുമാനമെടുക്കുകയുള്ളൂ.

(ജി) വിദേശ മുതൽമുടക്കിനെപ്പറ്റി ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടില്ല. പ്രൈവറ്റ് യൂണിവേഴ്സിറ്റിയുടെ സാധ്യതയെപ്പറ്റി മാത്രമേ കൗൺസിൽ പഠനം നടത്തിയിട്ടുള്ളൂ.

ഉന്നത/പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റേറ്റിംഗ്

6 (1048) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഉന്നത/പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ദേശീയ റേറ്റിംഗ് ഏജൻസികളുടെ റേറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ഉന്നത/പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ റേറ്റിംഗ് ഏജൻസികളുടെ റേറ്റിംഗ് ലഭിച്ചിട്ടുണ്ട്; സ്ഥാപനത്തിന്റെ പേര്, റേറ്റിംഗ് നൽകിയ ഏജൻസി, ലഭിച്ച റേറ്റിംഗ് എന്നിവ തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം ഉന്നത/പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) നിർബന്ധമാക്കിയിട്ടില്ല.

(ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ കോഴ്സുകൾക്ക് നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനായി അതാത് സ്ഥാപനങ്ങൾ അപേക്ഷ നൽകിയിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് കമ്പ്യൂട്ടർ സയൻസ് കോഴ്സ് ഒഴികെയുള്ള എല്ലാ കോഴ്സുകൾക്കും നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എൽ.ബി.എസ് സെന്ററിനു കീഴിലുള്ള കാസർഗോഡ് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിന് 2008 മുതൽ 2011 വരെ എൻ.ബി.എ. റേറ്റിംഗ് ലഭിച്ചിട്ടുണ്ട്. പൂജപ്പുര എൽ.ബി.എസ്. വനിത എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് എന്നീ ബിരുദ കോഴ്സുകൾക്ക് 2 വർഷത്തെ താല്ക്കാലിക എൻ.ബി.എ. റേറ്റിംഗ് ഈ വർഷം ലഭിച്ചിട്ടുണ്ട്. UGC-യുടെ കീഴിലുള്ള ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് നൽകുന്ന NAAC അംഗീകാരം ലഭിച്ച ഈ വകുപ്പിനു കീഴിലുള്ള കോളേജുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സംസ്ഥാന പദ്ധതി മുഖാന്തരവും കേന്ദ്രാവിഷ്കൃത പദ്ധതിയായ ടെക്യൂപ്പ് II മുഖാന്തരവും ഭൗതിക സാഹചര്യങ്ങളും അനുബന്ധ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

കോളേജ് അദ്ധ്യാപകർക്ക് എഫ്.ഐ.പി.

7(1051) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപകർക്ക് എഫ്.ഐ.പി. നൽകുന്നതുമായി ബന്ധപ്പെട്ട നിലവിലെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) എഫ്.ഐ.പി. നൽകുന്നതിന് റെഗുലറൈസേഷൻ, പ്രൊബേഷൻ എന്നിവ പൂർത്തീകരിക്കണമെന്ന് ഉത്തരവ് നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ; വിശദവിവരം നൽകുമോ;

(സി) അദ്ധ്യാപകരുടെ റെഗുലറൈസേഷനും പ്രൊബേഷനും വകുപ്പിന്റെ ഭാഗത്തുനിന്നുള്ള അനാസ്ഥമൂലം അനന്തമായി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം കാലതാമസം എഫ്.ഐ.പി. എടുക്കുന്നതിന് തടസ്സമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അദ്ധ്യാപകരുടെ വീഴ്ചയല്ലാതെയുള്ള കാലതാമസത്തിന് പരിഹാരമായി കോളേജ് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(എഫ്) ഇല്ലെങ്കിൽ റെഗുലറൈസേഷൻ, പ്രൊബേഷൻ എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വകുപ്പുതല നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/239/2020-11

LIBRARY ARCHIVES Kerala Legislative Assembly